പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2180 — 13.06.2019 – ൽ മറുപടിക്ക്.

## പുതുക്കിയ കാർഡുകൾ എ.പി.എൽ. ആകുന്നുവെന്ന പരാതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.രാജു എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) നിലവിലുള്ള റേഷൻ കാർഡിൽ എന്തെങ്കിലും മാറ്റം വരുത്തുമ്പോൾ പുതുതായി ലഭിക്കുന്ന കാർഡുകൾ എല്ലാം എ.പി.എൽ. വിഭാഗത്തിൽ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പുതുക്കിയ കാർഡുകൾ എ.പി.എൽ. ആകുന്നതിന് കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും രണ്ടു മുൻഗണനാ കാർഡുകളിൽ നിന്നും അംഗങ്ങളെ മാറ്റി പുതിയ റേഷൻ കാർഡുണ്ടാക്കുമ്പോൾ അവർക്ക് മുൻഗണനാ കാർഡ് ലഭിക്കുന്നതാണ്. എന്നാൽ മുൻഗണനേതര കാർഡുകളിൽ നിന്നും അംഗങ്ങളെ മാറ്റി പുതിയ കാർഡ് നൽകുമ്പോൾ അവർക്ക് പൊതുവിഭാഗം കാർഡാണ് ലഭ്യമാകുന്നത്. 25,000/- രൂപയിൽ കൂടുതൽ മാസവരുമാനമുണ്ടെങ്കിൽ ആ കാർഡ് പൊതുവിഭാഗത്തിലേ ഉൾപ്പെടുകയുള്ളൂ. അല്ലാത്ത പക്ഷം അപേക്ഷ നൽകുന്ന മുറയ്ക്ക് 18.09.2017 ലെ സ.ഉ.(സാധാ) നം.320/2017/ഭ.പൊ.വി.വ. പ്രകാരം പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി യോഗ്യതയുള്ള പക്ഷം മുൻഗണനാ പട്ടികയിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തി ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മുൻഗണനാ വിഭാഗക്കാരുടെ എണ്ണം 1,54,80040 ആയി കേന്ദ്രസർക്കാർ നിജപ്പെടുത്തിയിരിക്കുന്നതിനാലും, പട്ടികയിലുള്ള മാറ്റങ്ങൾ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതിനാലും ചെറിയ കാലതാമസം ഉണ്ടാവുന്നുണ്ട്. |
| (ബി) സോഫ്റ്റ് വെയറിലെ പിശക് കൊണ്ടാണോ ഇത്തരത്തിൽ സംഭവിക്കുന്നത്; ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | |
| (സി) നിരവധി പാവപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബി.പി.എൽ. കാർഡ് വേണമെന്നിരിക്കെ ഇത്തരത്തിൽ എ.പി.എൽ. ആയി മാറിയ കാർഡുകൾ അടിയന്തരമായി ബി.പി.എൽ. ആക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**